സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

നമ്പർ.ഇഎ2/10171/14.

തീയതി : 19.03.2014.

# സർക്കുലർ

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - പഠനയാത്ര - മാർഗ്ഗ നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- ഗവ.കത്ത് നമ്പർ.30329/ജെ2/13/ഉവിവ. തീയതി 06.03.2014.

ഈ വകുപ്പിന്റെ കീഴിലുള്ള പ്രൊഫഷണൽ കോളേജുകളിൽ നിന്നും വിദ്യാർത്ഥികൾ ഉൾപ്പെട്ട പഠനയാത്രകൾ/വ്യാവസായിക പരിശീലനങ്ങൾ എന്നിവ സംഘടിപ്പിക്കുമ്പോൾ, പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കളിൽ നിന്നും ഒരു അനുവാദപത്രം വാങ്ങി സൂക്ഷിക്കണമെന്ന് ഗവൺമെന്റ് നിഷ്ക്കർഷിച്ചിരിക്കുന്നു. ആയതു പ്രകാരം ഒരു സമ്മത പത്രം മേലിൽ സംഘടിപ്പിക്കുന്ന എല്ലാ പഠനയാത്രകളുടെ കാര്യത്തിലും വാങ്ങി സൂക്ഷിയ്ക്കേണ്ടതാണെന്നും ഈ വകുപ്പിന്റെ കീഴിലുള്ള പ്രൊഫഷണൽ കോളേജ് പ്രിൻസിപ്പാൾമാരെ ഇതിനാൽ അറിയിക്കുന്നു. പഠനയാത്രയ്ക്ക്/വ്യാവസായിക പരിശീലനത്തിന് അനുമതി തേടുമ്പോൾ യാത്രയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥി കളുടെ രക്ഷിതാക്കളിൽ നിന്നും അനുവാദപത്രം കിട്ടിയിട്ടുണ്ട് എന്ന ഒരു സർട്ടിഫിക്കറ്റ് കൂടി പ്രിൻസിപ്പാൾ അപേക്ഷയോടൊപ്പം അയക്കേണ്ടതാണ്. ഇപ്രകാരമല്ലാതെയുള്ള അപേക്ഷകളിൽ അനുമതി നൽകുന്നതല്ല.

(ഒപ്പ്)
ഡോ.ജെ.ലത
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

1) പ്രിൻസിപ്പാൾ,
   എൻജിനീയറിംഗ് കോളേജ്/പോളിടെക്നിക് കോളേജ്
2) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)
3) സൂപ്രണ്ട്, അക്കാഡമിക് സെക്ഷൻ
4) സ്റ്റോക് ഫയൽ.

ഉത്തരവിൻ പ്രകാരം അയക്കുന്നത്

സീനിയർ സൂപ്രണ്ട്

എസ്.21.03.2014.